# നവകേരളവും
# പൊതുവിദ്യാഭ്യാസവും



എഡിറ്റർ

**പി രമേഷ്കുമാർ**

| | |
|---|---|
| മലയാളം | malayalam |
| നവകേരളവും<br>പൊതുവിദ്യാഭ്യാസവും | navakeralavum<br>pothuvidyabhyasavum |
| എഡിറ്റർ:<br>പി രമേഷ്കുമാർ | editor:<br>p rameshkumar |
| ഒന്നാം പതിപ്പ്:<br>മെയ് 2023 | first edition:<br>may 2023 |
| കവർ, ലേ ഔട്ട്:<br>ശ്രീലേഷ് കുമാർ | cover, layout:<br>sreelesh kumar |
| പ്രസാധനം, വിതരണം:<br>കേരള ശാസ്ത്രസാഹിത്യ പരിഷത്ത്<br>തൃശ്ശൂർ–680 004 | published & distributed by<br>kerala sasthrasahithya parishath<br>thrissur–680 004 |
| ഇ മെയിൽ:<br>publicationkssp@gmail.com | e mail:<br>publicationkssp@gmail.com |
| അച്ചടി:<br>ഫൈവ് സ്റ്റാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്<br>കൊച്ചി | printed at:<br>fivestar offset printers<br>kochi |

₹ 220

ISBN: 978-81-961403-0-4

KSSP 2841 IE MAY 2023 D1/8 1K 22000 FT 1133/23

ഭാഗം 3

1. അധ്യാപക പ്രൊഫഷണൽ വികാസം ........................................104
*ആർ.കെ.ജയപ്രകാശ്*

2. A Critical Reading of the School Teachers' Professional Training Programs in Kerala ........................................113
*Prof. P.A.Baby Shari*

3. അധ്യാപകപരിശീലനം; ഒരു പുനർവിചിന്തനം ........................................125
*ടി.വി.വിനീഷ്*

4. പുതിയ കാലത്തെ അധ്യാപകർ ........................................134
*ഡോ. പി.വി.പുരുഷോത്തമൻ*

ഭാഗം 4

1. മലയാളഭാഷയുടെ രാഷ്ട്രീയം ........................................148
*കെ.എൻ.ഗണേശ്*

2. മലയാളം– പഠനമാധ്യമവും പഠനവിഷയവും ........................................158
*പി.പവിത്രൻ*

3. ഭാഷാപഠനത്തിന്റെ രാഷ്ട്രീയ മാനങ്ങൾ ........................................164
*ഡോ. അനിൽ ചേലേമ്പ്ര*

4. ത്രിഭാഷാനയം പുനരവലോകനം ചെയ്യുമ്പോൾ ........................................171
*സി.എം.മുരളീധരൻ*



# ഭാഷാപഠനത്തിന്റെ രാഷ്ട്രീയ മാനങ്ങൾ

***ഡോ. അനിൽ ചേലേമ്പ്ര***

ഭാഷയെ ആശയ വിനിമയ ഉപാധിയായി മനസ്സിലാക്കുന്ന സമ്പ്രദായം നമുക്കേറെ പരിചയമുള്ളതാണ്. ഈ മാതൃകയനുസരിച്ച് ഭാഷാപഠനത്തിന്റെ ലക്ഷ്യം ആശയസംവേദനമാണ്. അതുകൊണ്ട് ഭാഷ പഠിപ്പിക്കുമ്പോൾ ഭാഷാസങ്കേതങ്ങളിലൂന്നിയാണ് ബോധനം നിർവഹിച്ചിരുന്നത്. വ്യാകരണം പഠിപ്പിക്കുക, അക്ഷരം പഠിപ്പിക്കുക എന്നിവയിലായിരുന്നു ഊന്നൽ. പ്രധാനമായും ബിഹേവിയറിസ്റ്റ് മാതൃകയാണ് ഇവിടെ ബോധനത്തിനായി പിൻപറ്റിയിരുന്നത്. ഈ മാതൃകയുടെ കൃത്യതയും പ്രയോഗക്ഷമതയും അതിനെ ജനപ്രിയമാക്കി. അതുകൊണ്ടുതന്നെ ബിഹേവിയറിസ്റ്റ് ഭാഷാബോധത്തിന് ലഭിച്ച മേൽക്കൈ ഇപ്പോഴും നഷ്ടപ്പെട്ടിട്ടില്ല. അധികാരത്താൽ ശ്രേണീബദ്ധമായ ഒരു സമൂഹത്തിന് ഈ പദ്ധതി പ്രിയങ്കരമാകുന്നതിൽ അത്ഭുതമില്ല. ഈ കാഴ്ചപ്പാടനുസരിച്ച് ഭാഷ, പഠിച്ചെടുക്കാനുള്ള ഒരു നൈപുണിയാണ്.

കേരളത്തിൽ നടപ്പാക്കിയ പുതിയ പാഠ്യപദ്ധതി കുട്ടികളിൽ ഭാഷാബോധം ഉറപ്പിക്കുന്നതിൽ പരാജയപ്പെട്ടു എന്ന വാദം ആവർത്തിച്ച് കേൾക്കാറുണ്ട്. എന്നാൽ പുതിയ പാഠ്യപദ്ധതി അവതരിപ്പിക്കപ്പെട്ട് മൂന്നു പതിറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. ഈ പദ്ധതിയിലൂടെ കടന്നുവന്ന വിദ്യാർത്ഥികളാണ് ഇപ്പോൾ ബിരുദാനന്തര ബിരുദ പഠനത്തിനും ഗവേഷണത്തിനും മറ്റും സർവകലാശാലകളിലെത്തുന്നത്. അവരെ

യാണ് ഞങ്ങൾ ഇപ്പോൾ അഭിമുഖീകരിക്കുന്നത്. പറഞ്ഞുപെരുപ്പിക്കുന്നതുപോലുള്ള അക്ഷരത്തെറ്റൊന്നും ഈ കുട്ടികൾ വരുത്തുന്നില്ല എന്നതാണ് ഞങ്ങളുടെ അനുഭവം. ഞങ്ങൾ വിദ്യാർത്ഥികളായിരുന്ന കാലത്ത് ക്ലാസിൽ അക്ഷരമറിയാവുന്നവർ ആകെ രണ്ടോ മൂന്നോ പേരേ ഉണ്ടായിരുന്നുള്ളൂ. ആ കാലത്ത് പഠിച്ച അധ്യാപകരാണ് ഇപ്പോൾ പറയുന്നത്, പുതിയ കുട്ടികൾക്കൊന്നും അക്ഷരം അറിയില്ലെന്ന്. അതുകൊണ്ട് പുതിയ കുട്ടികളുടെ ശേഷി എന്താണെന്ന് മനസ്സിലാക്കാതിരിക്കുകയും അവർ പ്രകടിപ്പിക്കുന്ന അവരുടെ ഉത്തമമായ രാഷ്ട്രീയ ബോധ്യം തിരിച്ചറിയാതിരിക്കുകയും ചെയ്യുന്ന ഒരു പ്രഭുവർഗം ഭാഷാ അധ്യാപകർക്കിടയിലുണ്ട് എന്നതാണ് വസ്തുത. അത് പൊളിച്ചെഴുതേണ്ട ഒരു അന്ധവിശ്വാസമാണ്.

ഭാഷ പഠിച്ചെടുക്കേണ്ട ഒരു നൈപുണിയാണ് എന്ന കാര്യത്തിൽ സംശയമില്ല. അത് പക്ഷെ ഭാഷയുടെ ഏറ്റവും അടിത്തട്ടിലുള്ള ഒരു കാര്യം മാത്രമാണ്. ഭാഷയുടെ മൗലികമായ പ്രശ്നം അതൊന്നുമല്ല. തീർച്ചയായും നമ്മൾ സൈക്കിൾ ചവിട്ടാൻ പഠിക്കുന്നതുപോലെ കുട്ടിയെ എഴുതാനും വായിക്കാനും വ്യാകരണവും ഒക്കെ പഠിപ്പിക്കേണ്ടതാണ്. അതൊക്കെ നമ്മൾ ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. ഭാഷ ആശയവിനിമയത്തിനുള്ള കേവലോപാധിയാണെന്ന ധാരണയാണ് അതിനെ നൈപുണിയായി ചുരുക്കിക്കാണുന്നത്. ആശയവിനിമയത്തിനുള്ള ഒന്നാണ് ഭാഷ എങ്കിൽ എന്തിനാണ് മാതൃഭാഷയെപ്പറ്റി ഇത്ര വേവലാതിപ്പെടുന്നത്. നിങ്ങൾക്കൊരാശയം പറയാൻ ഏതെങ്കിലുമൊരു ഭാഷ പോരേ. അതിനിപ്പോൾ മാതൃഭാഷ തന്നെ വേണോ. ലോകത്തേറ്റവും കൂടുതൽ മാർക്കറ്റുള്ള ഇംഗ്ലീഷല്ലേ ഏറ്റവും നല്ലത്? എന്നാണ് നമ്മുടെ പൊതുബോധം ചോദിക്കുന്നത്. ആ പൊതുബോധത്തെ ശക്തിപ്പെടുത്തുന്നതാണ് അക്ഷരജ്ഞാനത്തെക്കുറിച്ചുള്ള അമിതമായ ഉത്കണ്ഠ.

ഭാഷ എന്നാൽ നൈപുണി മാത്രമല്ല അതൊരു വിഭവമാണ്. അതുകൊണ്ട് ഭാഷയുടെ രാഷ്ട്രീയം എന്നത് വിഭവത്തിനുമേലുള്ള അധികാരത്തിന്റെ പ്രശ്നമാണ്. സ്വന്തം ഭാഷയ്ക്ക് വിഭവശേഷിയുണ്ടാവുക, വിഭവശേഷിയുള്ള ഭാഷ സ്വായത്തമാക്കാൻ കഴിയുക ഇവ രണ്ടുമാണ് ഭാഷാരാഷ്ട്രീയത്തിൽ പ്രധാനം. ഭാഷയുടെ വ്യാവഹാരികശേഷി വർധിക്കുമ്പോൾ അതിന്റെ വിഭവശേഷി വർധിക്കുന്നു. ഇവിടെയാണ് ഭാഷയുടെ വൈജ്ഞാനികപദവി പ്രധാനമായി വരുന്നത്. ഭാഷയുടെ വ്യാവഹാരികശേഷി വികസിച്ചു വരുമ്പോഴാണ് ഭാഷ ഒരു മൂലധനമായി മാറുന്നത്. അങ്ങനെ വരണമെങ്കിൽ ഭാഷ എല്ലാത്തിനും ഉപയോഗിക്കാൻ കഴിയണം. ഭാഷ സാഹിത്യപ്രവർത്തനത്തിനുള്ള ഒരു ഉപാധി മാത്രമല്ല ലോകത്തിലുള്ള എല്ലാ വിജ്ഞാനവും വിനിമയം ചെയ്യാനുള്ള ഉപകരണം കൂടിയാണ്.

മലയാളം വൈജ്ഞാനികഭാഷയാണെന്ന് കേരളീയ സമൂഹം ഇപ്പോഴും അംഗീകരിച്ചിട്ടില്ല. പ്രാഥമികവിദ്യാലയങ്ങളിലെ ക്ലാസുകളെല്ലാം ഇംഗ്ലീഷ് മീഡിയത്തിലേക്ക് അതിദ്രുതം മാറിക്കൊണ്ടിരിക്കുന്നു. ഈ പ്രവണതയെ കേരളത്തിന്റെ പുറകോട്ടുപോക്കായി എന്തുകൊണ്ട് നാം ഉയർത്തിക്കാണിക്കുന്നില്ല. സയൻസ് മലയാളത്തിലെഴുതുമ്പോഴേ സയൻസിന് സംസ്കാരമുണ്ടാകൂ. അന്ധവിശ്വാസത്തിനെതിരെ സംസാരിക്കേണ്ടത് സയൻസാണ്. സയൻസെന്നാൽ കേവലം യുക്തിവാദമല്ല. സയൻസിന്റെ രീതിയാണ് ഏറ്റവും പ്രധാനം. നമുക്ക് പലതും അറിയില്ലെന്ന് തിരിച്ചറിയുന്ന വിനയാന്വിതരായ നിരീക്ഷകരും അന്വേഷകരുമാണ് ശാസ്ത്രജ്ഞർ. ശാസ്ത്രഗവേഷണത്തിൽ നോബൽ സമ്മാനം ലഭിച്ച ആളാണെങ്കിലും തന്റെ കണ്ടെത്തൽ തെറ്റാണെന്ന് തെളിയുന്ന പക്ഷം അത് സവിനയം അംഗീകരിക്കാൻ തയ്യാറുള്ളവരാണ് ശാസ്ത്രജ്ഞർ. ഇതാണ് ശാസ്ത്രത്തിന്റെ സംസ്കാരം. അറിയാനുള്ള ഔത്സുക്യം, തെറ്റ തിരുത്താനുള്ള സന്നദ്ധത എന്നിവ ഉൾച്ചേർന്ന മനുഷ്യജ്ഞാനത്തിന്റെ മൗലിക രൂപമാണ് സയൻസ് എന്ന അറിവാണ് സയൻസിന്റെ സൗന്ദര്യബോധം. ഈ സൗന്ദര്യബോധത്തിലേക്ക് സാമാന്യജനത എത്തണമെങ്കിൽ സയൻസിനെ അവരുടെ ഭാഷയിൽ അവതരിപ്പിക്കാൻ സാധിക്കണം. ഇതുകൊണ്ടാണ് ഭാഷയുടെ വ്യാവഹാരികതയെപ്പറ്റി നാം ഇത്രമാത്രം ഉത്കണ്ഠപ്പെടുന്നത്. ഏതു സങ്കൽപ്പനവും നമുക്ക് ഭാഷയിൽ അവതരിപ്പിക്കാൻ കഴിയണം. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ സങ്കൽപ്പനങ്ങളൊക്കെ നമ്മുടെ സാമാന്യജനങ്ങളുടെ ചിന്തയിലേക്ക് എത്തിയത് അവയൊക്കെ മലയാളത്തിലൂടെ കടന്നുവന്നതുകൊണ്ടാണ്. അന്യഭാഷകളിൽ ഉണ്ടാകുന്ന സിനിമകൾ എത്രയും വേഗം ഡബ്ബ് ചെയ്ത് മലയാളത്തിൽ എത്തിക്കൊണ്ടിരിക്കുന്നു. മാർക്സിസം, വർഗം, വർഗസമരം, ഫ്യൂഡലിസം, മുതലാളിത്തം എന്നതൊക്കെ എല്ലാവർക്കും മനസ്സിലാകുന്ന ആശയങ്ങളായി മാറിയിരിക്കുന്നു. ഈ ആശയങ്ങൾ നേരത്തെ തന്നെ മലയാളത്തിലാക്കി പ്രചരിപ്പിക്കപ്പെട്ടതുകൊണ്ടാണിത്. മൂലധനം ഉൾപ്പെടെയുള്ള മാർക്സിസ്റ്റ് കൃതികൾ മലയാളത്തിലേയ്ക്ക് തർജമ ചെയ്തത് വൈഷണികരല്ല, രാഷ്ട്രീയ പ്രവർത്തകരാണ്. അങ്ങനെയാണ് മാർക്സിയൻ സംസ്കാരം മലയാള സംസ്കാരത്തിന്റെ ഭാഗമായി മാറിയത്. എന്നാൽ ഗാന്ധിയൻ സംസ്കാരം അത്രമേൽ നമ്മെ സ്വാധീനിച്ചില്ല, കാരണം അതിനുള്ള ശ്രമങ്ങൾ വേണ്ടത്ര നടന്നിട്ടില്ല. സയൻസിന്റെ മേഖലയിൽ ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയതുപോലുള്ള ശ്രമം മറ്റാരും നടത്തിയിട്ടില്ല. 'പ്രകൃതി ശാസ്ത്രം സമൂഹം' പോലുള്ള പുസ്തകങ്ങൾ, ശാസ്ത്ര ക്ലാസുകൾ എന്നിവയൊക്കെ പലരുടെയും, സാമൂഹികബോധത്തിന്റെ ആധാ

രമാക്കാൻ ഇടയായിട്ടുണ്ട്. മലയാളത്തിലായതുകൊണ്ടാണ് ഇത് സാധ്യമായത്. ദളിത് സാഹിത്യം, സ്ത്രീവാദം എന്നിവയൊക്കെ ഇന്ന് എല്ലാവർക്കും പരിചിതമാണ്. ധാരാളം കൃതികൾ ഈ മേഖലകളിൽ മലയാളത്തിൽ ലഭ്യമായതുകൊണ്ടാണ് ഈ അവബോധമുണ്ടായത്. ശാസ്ത്രമായാലും സാമൂഹ്യശാസ്ത്രമായാലും മറ്റു വിഷയങ്ങളായാലും മലയാള ഭാഷയിലൂടെ വരുമ്പോഴാണ് അതിനു സാംസ്കാരിക പദവി ലഭിക്കുന്നത്. അത്തരത്തിൽ സാംസ്കാരിക പദവി ലഭിക്കുമ്പോഴാണ് അതിനൊരു വിഭവശേഷി ലഭിക്കുന്നത്, അപ്പോൾ അതിനെ ഒരു മൂലധനമാക്കി മാറ്റാൻ സാധിക്കും. മലയാളഭാഷയെ ഒരു സാംസ്കാരിക മൂലധനമാക്കി മാറ്റണമെങ്കിൽ ജീവിതത്തിലെ സകല വ്യവഹാരങ്ങളും ഈ ഭാഷയിൽ നിർവഹിക്കാൻ കഴിയുന്ന ഒരു കാലം വരണം.

മലയാള സർവകലാശാല എന്നത് മലയാളസാഹിത്യവും ഭാഷയും പഠിപ്പിക്കാൻ ഉള്ള ഇടമല്ല, മലയാളത്തിന്റെ വൈജ്ഞാനിക പദവി വർധിപ്പിക്കാൻ ഉള്ള ഒരു സർവകലാശാലയാണ്, അവിടെ എല്ലാ വിഷയങ്ങളും ആധുനിക സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടെ മലയാളത്തിലൂടെ വിനിമയം ചെയ്യാൻ കഴിയുന്ന ഒരു കാലത്തിനുവേണ്ടി പ്രവർത്തിക്കേണ്ടവരാണ് അവിടെയുള്ളവർ.

ഭാഷ, ബോധരൂപീകരണത്തിൽ പ്രധാന പങ്കു വഹിക്കുന്നു. ലോകം നമുക്കുമുന്നിൽ അനാവൃതമാകുന്നത് ഭാഷയിൽ തെളിയുമ്പോഴാണ്. മനുഷ്യരുടെ ലോകവീക്ഷണം രൂപപ്പെടുന്നതിൽ ഭാഷ നിർണായകമാണ്. ഒരു ഫീൽഡ് എന്ന നിലയിൽ സമൂഹത്തെ പരിഗണിച്ചാൽ പലതരം വ്യവഹാരങ്ങളുടെ രൂപത്തിൽ ഇടപെടാനും കളികളിൽ ഏർപ്പെടാനും നമ്മെ പ്രാപ്തമാക്കുന്നത് ഭാഷയാണ്. ഭാഷ യഥാർത്ഥത്തിൽ ശരീരസ്ഥമാണ് (embodied). ഭാഷയുടെ അന്തർരേഖനം (inscription) സംഭവിച്ച ശരീരങ്ങളാണ് നമ്മുടേത്. ചട്ടങ്ങളും വഴക്കങ്ങളും നാം ആർജ്ജിക്കുന്നത് ഭാഷയിലൂടെയാണ്. ചട്ടങ്ങളെയും വഴക്കങ്ങളെയും പരിഷ്കരിക്കുന്നതിനെയാണ് നാം സാമൂഹികനവീകരണം എന്നു പറയുന്നത്. നവീകരിക്കപ്പെട്ട സങ്കൽപനങ്ങൾ ഭാഷയിലൂടെ ശരീരത്തിൽ അന്തർരേഖിതമാകുമ്പോഴാണ് സാമൂഹ്യവിപ്ലവം സംഭവിക്കുന്നത്. അതുകൊണ്ടാണ് നവീനമായ ആശയങ്ങൾ നമ്മുടെ നിത്യനിദാന ഭാഷയിൽ ആവിഷ്കരിക്കപ്പെടണമെന്ന് പറയുന്നത്. ബോർദ്യൂ തന്റെ language and symbolic power എന്ന കൃതിയിൽ സമൂഹത്തെ കാണുന്നത് ഒരു ഫുട്ബോൾ ഗ്രൗണ്ടായാണ്. അത് നിയമാധിഷ്ഠിതമാണ്. സമൂഹത്തിലെ പല സ്ഥാപനങ്ങളിൽ പല നിയമവ്യവസ്ഥകൾ നിലനിൽക്കുന്നു. ഫുട്ബോളിൽ കളി കളിക്കാരന്റെ ശരീരത്തിൽ തന്നെ ആലേഖിതമാണ്. നൃത്തം ചെയ്യുന്ന ഒരു നർത്തകിയിലും ഇതേപോലെ

തന്നെ. ഇത്തരത്തിൽ നിയമങ്ങളും നമ്മുടെ ശരീരത്തിൽ ആലേഖിതമാണ്. നിയമങ്ങൾക്കനുസരിച്ച് സ്വയം ചലിക്കുന്ന ശരീരമുള്ളവരാണ് ഓരോ സ്ഥാപനങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

മാതൃഭാഷയിലൂടെ പഠിച്ചുവന്ന കുട്ടികൾ ഇംഗ്ലീഷ് മാധ്യമമായ ഒരു സർവകലാശാലയിൽ എത്തുമ്പോൾ ഭാഷാപരമായ ഒരു അന്യവത്കരണം മാത്രമല്ല സാംസ്കാരികമായ ഒരു അന്യവത്കരണം കൂടിയാണ് അനുഭവിക്കുന്നത്. പുതിയ പാഠ്യപദ്ധതിയിലൂടെ രൂപപ്പെട്ട ഉത്തമ രാഷ്ട്രീയ ബോധ്യമുള്ള, എന്തിനേയും ചോദ്യം ചെയ്യാൻ തന്റേടമുള്ള ചെറുപ്പക്കാർ നമ്മുടെ സർവകലാശാലകളിലേക്ക് വന്നുകൊണ്ടിരിക്കുന്നു. 'കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി'യെന്ന് പൊയ്കയിൽ അപ്പച്ചൻ പറഞ്ഞ അടിമവിഭാഗത്തിന്റെ പ്രതിനിധികളെ സർവകലാശാലകളിലേക്ക് എത്തിച്ചത് പുതിയ പാഠ്യപദ്ധതിയാണ്. അവരെ പുറത്താക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് വിദ്യാഭ്യാസത്തെ മൂലധനത്തിനു കീഴ്പെടുത്താനുള്ള ശ്രമത്തെ കാണേണ്ടത്. മറ്റൊന്ന് അവരെ ഭാഷാപരമായി അന്യവത്കരിക്കുകയെന്നതാണ്. മൂലധനം കൊണ്ടും ഭാഷകൊണ്ടും കോട്ടകെട്ടി ഇവിടുത്തെ വരേണ്യവർഗത്തെ സംരക്ഷിക്കാനുള്ള ഗൂഢാലോചനയാണ് നടക്കുന്നത്. മാതൃഭാഷയിലൂടെയുള്ള ഉന്നത വിദ്യാഭ്യാസമെന്നത് ഈ അധഃസ്ഥിത വിഭാഗത്തിന്റെ അവകാശമായി കാണണം. അതാണ് മലയാള സർവകലാശാലയുടെ ലക്ഷ്യം. അവർക്ക് വേണ്ടിയുള്ള ജ്ഞാനോത്പാദനം അവരുടെ ഭാഷയിൽ നിർവഹിക്കാൻ കഴിയണം. അപ്പോഴാണ് ഭാഷയുടെ മൂലധന പദവി ഉയരുന്നത്. ഇതൊരു ഭാഷാപ്രശ്നമല്ല, രാഷ്ട്രീയപ്രശ്നമാണ്. പുതുതായി ഉണ്ടായിവരുന്ന തലമുറയെ ഒന്നിനും കൊള്ളാത്തവരെന്ന് നിരന്തരം പ്രഖ്യാപിക്കുന്ന മൂഢൻമാരെയാണ് ബുദ്ധിജീവികൾ എന്ന പേരിൽ നമ്മൾ മാധ്യമങ്ങളിൽ അണിനിരത്തുന്നത്.

അതല്ല ലോകത്ത് സംഭവിക്കുന്നത്. നാം പഠിക്കുന്ന കാലത്ത് ചിന്തിച്ചിരുന്നതിനെക്കാൾ എത്രയോ ഉയരത്തിൽ ചിന്തിക്കുന്നവരാണ് അവർ, അവർക്ക് സമ്പത്തിന്റെയോ ഭാഷയുടെയോ മൂലധനമില്ല. അത് ഉണ്ടാക്കിയെടുക്കേണ്ട ഇടമാണ് സർവകലാശാലകൾ, അവിടെയാണ് ഭാഷ പ്രധാനമായി വരുന്നത്. കീഴാളരായ കുട്ടികൾക്ക് സ്വയം ആവിഷ്കരിക്കാൻ പര്യാപ്തമായ ഒരു ഭാഷ ഉണ്ടാകേണ്ടത് അനിവാര്യതയാണ്. അക്ഷരമാലയുടെ പേരുപറഞ്ഞ് ഒരു തലമുറയെ പുറത്തു നിർത്താനുള്ള ശ്രമം പഴയ ജന്മിത്തത്തിന്റെ തുടർച്ചയാണ്.

ബോധം തെളിഞ്ഞുകാണുന്നത് ഭാഷയിലാണ്. പ്രതിഫലനാത്മകമായ ചിന്തയ്ക്കും ആത്മ നവീകരണത്തിനും ഭാഷയിലൂടെയുള്ള പ്രകാശനം അനിവാര്യമാണ്. ഞാൻ ആരാണെന്ന് എനിക്ക് മനസ്സിലാകണമെ

ങ്കിൽ എന്റെ ഭാഷയിലൂടെ ഞാൻ എന്നെത്തന്നെ ആവിഷ്കരിക്കണം. എനിക്കെന്നെ ആവിഷ്കരിക്കാൻ ഏറ്റവും ഉപയുക്തമായ മൗനത്തിന്റെ സന്ദർഭത്തിലെ ഭാഷയാണ് മാതൃഭാഷ. അന്യഭാഷയിൽ ആവിഷ്കരിക്കാൻ ശ്രമിക്കുമ്പോൾ ഒരാൾക്ക് തന്റെ തന്നെ ബോധത്തെ തെളിഞ്ഞുകാണില്ല. ആത്മബോധത്തിന്റെ ഭാഷയാണ് മാതൃഭാഷ.

ഭാഷയിൽ തെളിഞ്ഞു നിൽക്കുമ്പോളാണ് ഒരു വസ്തുവിന് ഉണ്മയുണ്ടാകുന്നതെങ്കിലും കാണുന്നതിനപ്പുറത്ത് ചില കാര്യങ്ങൾ കാണാതിരിക്കുകയും ചെയ്യുന്നു. ഉണ്ട് എന്നു പറയുന്ന എല്ലാ വസ്തുതകൾക്കും ഇല്ല എന്നുപറയുന്ന ഒരു അപരമുണ്ട് എന്ന് ഹൈദഗർ പറയുന്നു. ബോധത്തിൽ തെളിഞ്ഞുവരാത്ത ചിലതും ഭാഷയുടെ അബോധത്തിലുണ്ട്. ഇതിനെ രാഷ്ട്രീയമായ അബോധമായി മനസ്സിലാക്കാം. ഈ അബോധത്തെ കണ്ടെടുക്കലാണ് വിമർശാവബോധം. വിയോജിക്കാനുള്ള ശേഷി വികസിപ്പിക്കാനുള്ളതാണ് ബോധനശാസ്ത്രം (pedagogy of the dissent). ഭാഷയെക്കൂടി വിമർശനാത്മകമായി കണ്ടുകൊണ്ടേ ഇത് സാധിക്കൂ. ദേശീയതയ്ക്കകത്തുള്ള സംഘർഷങ്ങളൊക്കെ ഭാഷയ്ക്കകത്തുമുണ്ട്. മാനകഭാഷയ്ക്കകത്തുനിന്ന് പുറന്തള്ളപ്പെട്ടുപോയ നിരവധി മനുഷ്യരുണ്ട്, ആഗ്രഹങ്ങളുണ്ട്, പ്രതീക്ഷകളുണ്ട്. ഈ പുറന്തള്ളപ്പെടൽ നമ്മുടെ ദേശീയതയുടെ പരിമിതിയാണ്. അതുകൊണ്ടാണ് ബ്രാഹ്മണിക്കൽ ആയ മലയാളത്തിനു പകരം ഇ.എം.എസ്സിനു അണ്ടന്റെയും അടകോടന്റെയും മലയാളം എന്നു പറയേണ്ടിവന്നത്. അധികാരഭാഷയുമായി ഇത് സൃഷ്ടിക്കുന്ന സംഘർഷം തിരിച്ചറിയുന്നത് ഭാഷയെത്തന്നെ വിമർശനാത്മകമായി കാണുമ്പോഴാണ്. അധ്യാപകൻ എന്ന പുല്ലിംഗത്തെ കൊണ്ട് അധ്യാപികമാരെയും പ്രതിനിധാനം ചെയ്യാമോ എന്ന ചോദ്യം അഭിമുഖീകരിക്കേണ്ടിവരുന്നത് ഭാഷയെത്തന്നെ വിമർശനാത്മകമായി സമീപിക്കുമ്പോഴാണ്. ട്രാൻസ്ജന്ററുകളെക്കൂടി അഭിമുഖീകരിക്കേണ്ടിവരുമ്പോൾ ഇതെല്ലാം അപര്യാപ്തമായി നമ്മുടെ ഭാഷ നിന്നു വിറയ്ക്കുന്നത് കാണാം. ഭാഷ പലപ്പോഴും ആശയത്തെ വിനിമയം ചെയ്യുകയല്ല, മൂടിവെക്കുകയും തെറ്റായി വിനിമയം ചെയ്യുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഭാഷയുടെ വിമർശനം കൂടിയാണ് ഭാഷാബോധനത്തിന്റെ ലക്ഷ്യം എന്നും മനസ്സിലാക്കണം.

ഭാഷാപഠനത്തെ അക്ഷര ശുദ്ധിയായും പദബോധമായും മാത്രം മനസ്സിലാക്കുന്ന പ്രവണത ഇപ്പോഴും ശക്തമാണ്. ഭാഷയെ ഒരു ഉത്പാദനോപാധിയായി കാണുന്നതിനു പകരം അതിനെ നൈപുണിയായി മനസ്സിലാക്കുന്നവരാണ് കേരളത്തിലെ ഭാഷാ പണ്ഡിതരിൽ പലരും. ഉത്പാദനോപാധിയായി ഭാഷയെ മനസ്സിലാക്കിയാൽ മാത്രമേ ഭാഷാവ്യവഹാരത്തിലെ അധികാര ബന്ധങ്ങളെ തിരിച്ചറിയാനും, ഭാഷാ പഠന

ത്തെ വിപ്ലവാത്മകമായി പുനഃക്രമീകരിക്കാനും കഴിയൂ. അല്ലാത്തപക്ഷം ഭാഷാപഠനം ഗതാനുഗതികത്വത്തിന്റെ ഇത്തിരിവട്ടത്തിൽ ചുരുങ്ങും. ഭാഷയിലെ ശരി–തെറ്റുകളെപ്പറ്റിയുള്ള അതിവാദങ്ങൾ സാമൂഹികാധികാരവുമായി ബന്ധപ്പെട്ടതാണെന്ന് പലപ്പോഴും തിരിച്ചറിയാറില്ല.

കേരളത്തിൽ നടപ്പാക്കിയ പുതിയ പാഠ്യപദ്ധതി കുട്ടികളിൽ ഭാഷാബോധം ഉറപ്പിക്കുന്നതിൽ പരാജയപ്പെട്ടു എന്ന വാദം ആവർത്തിച്ച് കേൾക്കാറുണ്ട്. എന്നാൽ പുതിയ പാഠ്യപദ്ധതി അവതരിപ്പിക്കപ്പെട്ട് മൂന്നു പതിറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. ഈ പദ്ധതിയിലൂടെ കടന്നുവന്ന വിദ്യാർത്ഥികളാണ് ഇപ്പോൾ ബിരുദാനന്തര ബിരുദ പഠനത്തിനും ഗവേഷണത്തിനും മറ്റും സർവകലാശാലകളിലെത്തുന്നത്. അവരെയാണ് ഞങ്ങൾ ഇപ്പോൾ അഭിമുഖീകരിക്കുന്നത്.

*പ്രൊഫസർ,*
*തുഞ്ചത്തെഴുത്തച്ഛൻ സ്മാരക മലയാളം സർവകലാശാല*
*9633699793*
*ayansarang@gmail.com*